വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നീ കാറ്റഗറിയിലെ തസ്തികകൾ

180 (3135) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ബോർഡിൽ വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നീ കാറ്റഗറിയിൽ എത്ര തസ്തികകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ ;

(ബി) അവ ഖാദി ബോർഡിന്റെ ഏതെല്ലാം ഓഫീസുകളിലേയ്ക്ക് അനുവദിച്ചിട്ടുള്ളതാണെന്ന് അറിയിക്കാമോ ;

(സി) എങ്കിൽ മേൽ സ്ഥലങ്ങളിൽ അവരെ നിയമിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസർ കാറ്റഗറിയിൽ 12 തസ്തികകളും അസിസ്റ്റന്റ് രജിസ്ട്രാറുടെ 10 തസ്തികകളും നിലവിലുണ്ട്.

(ബി) തസ്തികകൾ അനുവദിച്ചിട്ടുള്ള ജില്ലാ ഓഫീസുകൾ അനുബന്ധമായി കൊടുത്തിരിക്കുന്നു†.

(സി) ഖാദി ഗ്രാമവ്യവസായ പ്രവർത്തനങ്ങൾ കൂടുതൽ നടക്കുന്ന ജില്ലകളിലേയ്ക്ക് അസിസ്റ്റന്റ് രജിസ്ട്രാർ/വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസർമാരെ ആവശ്യകത അനുസരിച്ച് നിയമിച്ചിരിക്കുകയാണ്.

ബാലുശ്ശേരി തേൻ സംഭരണ കേന്ദ്രത്തിൽ സംഭരിച്ച തേൻ

181 (3136) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി തേൻ സംഭരണ കേന്ദ്രത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയ്ക്കുള്ള തേൻ സംഭരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ എത്ര തുകയുടെ തേൻ വില്പന നടന്നിട്ടുണ്ട് എന്നും എത്ര ബാക്കിയുണ്ട് എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 44,10,000 രൂപയ്ക്ക്.

(ബി) 35,91,000 രൂപയ്ക്കുള്ള തേൻ വില്പന നടത്തിയിട്ടുണ്ട്. 23,94,000 രൂപയ്ക്കുള്ള തേൻ ബാക്കിയുണ്ട്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2986, 3022, 3025, 3125 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

† അനുബന്ധം XVII

LIBRARY ARCHIVES Kerala Legislative Assembly